LIBRARY ARCHIVES Kerala Legislative Assembly

ശമ്പളം നൽകിക്കൊണ്ടിരിക്കുകയാണ്. ഇവിടെ നിയമിച്ച വിദഗ്ധന്മാരായ ഡോക്ടർമാർ രാവിലെ അവിടെ വന്ന് ഈച്ചയടിച്ചിരിക്കുകയാണ്. അവർക്ക് യാതൊരു ജോലിയുമില്ല. ഇരിക്കാൻ കസേര പോലുമില്ല. ജോലി ചെയ്യാതെ ലക്ഷക്കണക്കിന് രൂപ ശമ്പളം പറ്റാൻ സർക്കാർ അവസരമൊരുക്കിയിരിക്കുകയാണ്. അതേസമയം, പ്രവർത്തിക്കുന്ന മഞ്ചേരി, ഇടുക്കി, പാലക്കാട് എന്നീ മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് ഡോക്ടർമാരും സ്റ്റാഫുകളും കെട്ടിടങ്ങളുമില്ല. അവിടെ അഡ്മിഷൻ ലഭിച്ച കുട്ടികൾക്ക് ഇരിക്കാൻ ബഞ്ചുപോലുമില്ലാതെ കറങ്ങിനടക്കുകയാണ്. ഇത്രയും വലിയൊരു കെടുകാര്യസ്ഥത കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമാണ്. സർക്കാരിന്റെ കീഴിലുള്ള മെഡിക്കൽ വിദ്യാഭ്യാസം ആന കയറിയ കരിമ്പിൻകാടുപോലെ ആരോഗ്യ വകുപ്പുമന്ത്രി ചവിട്ടി മെതിച്ചിട്ടിരിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പാരിപ്പള്ളിയിൽ ഒരു ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ തീരുമാനിക്കുകയുണ്ടായി. 2012-ൽ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തോടുകൂടി അതിന്റെ പ്രവർത്തനം ആരംഭിക്കാനുള്ള എല്ലാ നടപടികളും ആരംഭിച്ചതാണ്. ഇതിനുവേണ്ടി 540 കോടി രൂപയാണ് ഇ.എസ്.ഐ. കോർപ്പറേഷൻ അനുവദിച്ചത്. ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നപ്പോൾ മെഡിക്കൽ കോളേജുകൾ ഇ.എസ്.ഐ. കോർപ്പറേഷൻ നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചു. തൊഴിലാളികളുടെ പണം മുടക്കി അവർക്ക് സൗജന്യചികിത്സ ലഭിക്കുന്നതിനു വേണ്ടി ആരംഭിച്ച ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ഇപ്പോൾ ത്രിശങ്കു സ്വർഗ്ഗത്തിലാണ്. അത് സർക്കാർ ഏറ്റെടുക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും തൊഴിലാളികൾക്ക് കിട്ടേണ്ട ആനുകൂല്യം സംബന്ധിച്ച് ഒരു ഉറപ്പും നൽകാൻ സർക്കാർ തയ്യാറായിട്ടില്ല. ഒരു യോഗംപോലും വിളിക്കാൻ ഇതുവരെ ആരോഗ്യ വകുപ്പുമന്ത്രിക്ക് സമയം ലഭിച്ചിട്ടില്ല. കേരളത്തിൽ പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളുടെ നടത്തിപ്പ് സംബന്ധിച്ച് വലിയ അസംതൃപ്തി നിലനിൽക്കുന്ന സാഹചര്യത്തിൽ ഞാൻ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ സംബന്ധിച്ച് ഒരു ഉന്നതതല അന്വേഷണം നടത്തണമെന്ന് ശക്തിയായി ആവശ്യപ്പെടുകയാണ്.

V ക്രമപ്രശ്നം

പ്രസംഗത്തിലെ ഭാഗങ്ങൾ സഭാരേഖയിൽനിന്നും നീക്കം ചെയ്യൽ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, ഒരു ചെറിയ കാര്യം കൂടി എനിക്ക് പറയാനുണ്ട്. ചട്ടം 303 പ്രകാരം ക്രമപ്രശ്നമായി ഈ വിഷയം സഭയിൽ ഉന്നയിക്കുന്നതിന് അനുവാദം നൽകണമെന്ന് ഞാൻ ബഹുമാനപ്പെട്ട സ്പീക്കറോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2015 ഡിസംബർ 3-ാം തീയതി സഭയിൽ പ്രതിപക്ഷം സോളാർ കോഴവിവാദം സംബന്ധിച്ച് കൊണ്ടുവന്ന അടിയന്തരപ്രമേയ ചർച്ചയിൽ എന്റെ പ്രസംഗത്തിലെ പലഭാഗങ്ങളും സഭാരേഖയിൽനിന്നും നീക്കം ചെയ്തിരിക്കുന്നു. ഞാൻ സഭയിൽ ചെയ്ത പ്രസംഗത്തിന് വ്യക്തിപരമായി വിശദീകരണങ്ങൾ മന്ത്രിമാരും എം.എൽ.എ.മാരും നൽകിയതാണ്. ആ സമയം സഭയിൽ ഉണ്ടായിരുന്ന ശ്രീമാൻ സി. പി. മുഹമ്മദ് എം.എൽ.എ. എന്റെ പ്രസംഗത്തിൽ എന്തോ അസംബന്ധമുണ്ടെന്ന് പറയുകയും ബഹുമാനപ്പെട്ട സ്പീക്കർ അത് പരിശോധിക്കാമെന്ന് പറയുകയും ചെയ്യുകയുണ്ടായി. ചട്ടം 307-ൽ പറയുന്നതു പോലെ അസഭ്യമോ സഭ്യേതരമോ ആയ പദപ്രയോഗങ്ങൾ ഏതെങ്കിലും ഒരെണ്ണം എന്റെ പ്രസംഗത്തിൽ അങ്ങേയ്ക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുമോ? അങ്ങ് സ്വതന്ത്രവും നീതിപൂർവ്വവുമായ തീരുമാനങ്ങളാണ് കൈക്കൊള്ളേണ്ടത്. അല്ലാതെ ഭരണപക്ഷം ആവശ്യപ്പെട്ടതനുസരിച്ച് എന്റെ പ്രസംഗത്തിന്റെ സിംഹഭാഗവും നീക്കിയത് ശരിയായ നടപടിയല്ല. സഭാനാഥന്റെ തീരുമാനം പക്ഷപാതപരമായിരിക്കാൻ പാടില്ല, സമചിത്തതയും സമഭാവനയും ഉള്ളതാകണം. ജനവികാരമാണ് പ്രതിപക്ഷം സഭയിൽ പ്രകടിപ്പിക്കുന്നത്. പ്രതിപക്ഷത്തിന്റെ പ്രസംഗങ്ങൾ കത്രികയ്ക്കിരയാക്കി സഭാരേഖയിൽനിന്ന് ഒഴിവാക്കുന്നത് നിഷ്പക്ഷനായ സഭാനാഥന് ഭൂഷണമല്ല. അതുകൊണ്ട് അങ്ങ് മനസ്സിരുത്തി എന്റെ പ്രസംഗം മുഴുവൻ വായിച്ചു നോക്കണമെന്നും അതിൽ അസഭ്യമോ സഭ്യേതരമോ ആയ ഏതെങ്കിലും പദം ഉണ്ടോയെന്നും ചൂണ്ടിക്കാണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, അങ്ങ് ഈ സമയത്ത് സബ്മിഷനാണ് ഇവിടെ ഉന്നയിക്കാനുള്ളത്. ഇങ്ങനെ ഒരു വിഷയമുണ്ടെങ്കിൽ അങ്ങേയ്ക്ക് പ്രത്യേക സമയം അനുവദിക്കുമായിരുന്നു. സബ്മിഷന്റെ കൂടെ ഈ വിഷയം വേണ്ടായിരുന്നു.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഒരു ചെറിയ കാര്യം കൂടി പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. ഞാൻ അവതരിപ്പിച്ച സബ്മിഷനാണ് ഏറ്റവും പ്രധാനം.

സബ്മിഷൻ (തുടർച്ച)

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കേരളത്തിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിച്ചതുമായി ബന്ധപ്പെട്ടുള്ള പ്രശ്നമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ചത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാർ